(ഇ) ഈ പദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന റോഡ് നിർമ്മാണത്തിന് ഒരു കി.മീറ്ററിന് എന്തു തുകയാണ് ചെലവ് കണക്കാക്കിയിരുന്നത് ;

(എഫ്) ഈ പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലത്തിന് മാർക്കറ്റ് വിലയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിരുന്ന വിലയേക്കാൾ എത്ര ശതമാനം അധികം നൽകേണ്ടിവന്നു ;

(ജി) ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി ഇതുവരെ ലോകബാങ്ക് സഹായമായി എത്ര കോടി രൂപയാണ് ലഭ്യമായത് ; ഇതിന്റെ സംസ്ഥാനവിഹിത മായി ഇതുവരെ എത്ര കോടി ചെലവഴിച്ചു ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

എ) ഇല്ല

(ബി) താഴെപ്പറയുന്ന പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത്.

1. നവീകരണ ജോലികളിൽ 254.49 കി.മീ. ലക്ഷ്യമിട്ടതിൽ 98% ജോലികളും പൂർത്തീകരിച്ചു. എന്നാൽ ഷോൾഡറുകൾ, ഓടകൾ, റിട്ടെയിനിംഗ് ഭിത്തികൾ, കവലകൾ, സൈൻബോർഡുകൾ, അപ്രോച്ച് റോഡുകൾ തുടങ്ങി 2% ജോലികൾ ഇനിയും തീർക്കാനുണ്ട്.

2. 1156 കി.മി. ഹെവി മെയിന്റനൻസ് ജോലികളിൽ 2% ജോലികൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

3. 302.10 കി.മീ. റീസർഫേസിങ്ങ് ജോലികൾ പൂർത്തീകരിച്ചുവരുന്നു.

(സി) അധിക ബാദ്ധ്യത കണക്കാക്കിയിട്ടില്ല.

(ഡി) 31-12-2007, എന്നാൽ പിന്നീടത് 31-12-2010 വരെയായി ദീർഘിപ്പിച്ചു.

(ഇ) റോഡ് നവീകരണത്തിന് കിലോമീറ്ററിന് ശരാശരി 2.40കോടി രൂപയും ഹെവി മെയിന്റനൻസിന് 50.8 ലക്ഷം രൂപയും റിസർഫസിങ്ങിന് 18.8 ലക്ഷം രൂപയുമാണ് കണക്കാക്കിയിരിക്കുന്നത്.

(എഫ്) മാർക്കറ്റ് വിലയിൽ കൂടുതൽ തുക സ്ഥലമെടുപ്പിനായി നൽകിയിട്ടില്ല.

(ജി) 940 കോടി രൂപ ലോകബാങ്ക് സഹായം ലഭിച്ചിട്ടുണ്ട്. 519 കോടി രൂപ സംസ്ഥാന വിഹിതമായി ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് പ്രവൃത്തിക്കുന്ന സ്പോർട്സ് സ്കൂളുകൾ

***(218)** ശ്രീ. സി. കെ. പി. പത്മനാഭൻ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. എം. എം. മോനായി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്പോർട്സ് സ്കൂളുകൾ പ്രവർത്തിക്കുന്നു ; എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എല്ലാ ജില്ലകളിലും സ്പോർട്സ് സ്കൂളുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) സ്പോർട്സ് സ്കൂളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; സ്പോർട്സ് സ്കൂളിലെ കുട്ടികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത് ; ഇത് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ,

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ രണ്ട് സ്പോർട്സ് സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു.

1. ജി.വി.രാജ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം.
2. സ്പോർട്സ് ഡിവിഷൻ, കണ്ണൂർ.

(ബി) ഒരു ജില്ലയിൽ ഒരു സ്പോർട്സ് സ്കൂൾ എന്ന പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) സ്പോർട്സ് സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കണ്ണൂർ സ്പോർട്സ് ഡിവിഷന് കെട്ടിടവും ട്രാക്കും നിർമ്മിക്കുന്നതിന് 1 കോടി രൂപയും തിരുവനന്തപുരത്തെ ജി.വി.രാജാ സ്പോർട്സ് സ്കൂളിന് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. സ്കൂളുകളിലെ കുട്ടികൾക്ക് ഭക്ഷണവും താമസസൗകര്യവും കായിക പരിശീലനവും പോക്കറ്റ്മണിയും കായികോപകരണങ്ങളും നൽകുന്നുണ്ട്. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനം

9(*219) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. വി. കെ. ഇബ്രാഹിം :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. യെ ലാഭനഷ്ടങ്ങളില്ലാത്തവിധം പ്രവൃത്തിപ്പിക്കുന്നതിനെക്കുറിച്ച് പഠിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആ വിധത്തിലുള്ള പഠനം ആരംഭിക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി. തുടർച്ചയായി പ്രവർത്തന നഷ്ടം നേരിടുന്നതും, സഞ്ചിത നഷ്ടം വർദ്ധിച്ചുവരുന്നതിനുമുള്ള കാരണങ്ങളെക്കുറിച്ച് ഇതേവരെയുള്ള പ്രധാനകണ്ടെത്തലുകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly